## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5200 | 27-07-2015 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ അതോറിറ്റി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.പി.മുഹമ്മദ്**<br>**ശ്രീ.ആർ.സെൽവരാജ്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.ടി.എൻ.പ്രതാപൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ആരുടെയെല്ലാം സഹകരണത്തോടെയണ് ഇവ നടപ്പാക്കുന്നത്; | ബി) | റവന്യൂ ദുരന്ത നിവാരണ വകുപ്പ്, ആഭ്യന്തര വകുപ്പ്, ശാസ്ത്രസാങ്കേതിക വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, വ്യവസായ വകുപ്പ്, മൃഗ സംരക്ഷണ വകുപ്പ്, ജല വിഭവ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. അതോറിറ്റിയെ സഹായിക്കാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചുവരുന്നു. |
| സി) | പ്രവർത്തനം നടപ്പിൽ വരുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) | 2007-ൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിച്ചു. 2008-ൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ രൂപീകരിച്ചു. സംസ്ഥാനത്ത് 8 ജില്ലകളിൽ ദുരന്ത നിവാരണത്തിനായി പ്രത്യേകം ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചു. 2010-ൽ സംസ്ഥാന ദുരന്ത നിവാരണ നയം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 2012-ൽ സംസ്ഥാന അടിയന്തിര ഘട്ട കാര്യ നിർവ്വഹണ കേന്ദ്രം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 2012-ൽ സംസ്ഥാനത്തെ പഞ്ചവത്സര പദ്ധതിയിൽ ദുരന്ത നിവാരണ അതോറിറ്റിക്കായി പ്രത്യേകം പണം വകയിരുത്തി. 2014-ൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു.കൂടാതെ സംസ്ഥാന |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെയും ലോക ബാങ്കിന്റെയും സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി ആരംഭിച്ചു.കൂടാതെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് തിരുവനന്തപുരത്ത് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്ക് 13,14 ധനകാര്യ കമ്മീഷനുകളുടെ ഗ്രാന്റ്-ഇൻ-എയ്ഡ് സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി ചീഫ് സെക്രട്ടറിയേയും, കൺവീനറായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും അതോറിറ്റിയുടെ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിനായി നിശ്ചയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ